# കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം

ജി10-2437/2019 തീയതി- 24 .08.2020

**സർക്കുലർ നം- 24 /2020-21**

വിഷയം- കോവിഡ് 19 പോസറ്റീവ് ആകുന്ന അൺ അറ്റാച്ച്ഡ് വിഭാഗം ചുമട്ടു തൊഴിലാളികൾക്ക് (1983 ലെ തൊഴിൽ ക്രമീകരണവും ക്ഷേമവും പദ്ധതി- രജിസ്റ്റേർഡ് ചുമട്ടു തൊഴിലാളികൾ) ധനസഹായ വായ്പ തുടർ മാർഗ്ഗനിർദ്ദേശം സംബന്ധിച്ച്

സൂചന- 21.08.2020 ലെ സർക്കുലർ നം.22/2020-21.

മേൽ സൂചന സർക്കുലറിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ടി സർക്കുലറിൽ ഖണ്ഡിക (1) ൽ പറഞ്ഞിട്ടുള്ള കോവിഡ് 19 സ്ഥിരീകരിച്ച തൊഴിലാളികൾക്ക് നിബന്ധനകൾക്ക് വിധേയമായി 5000/- രൂപ വായ്പ നൽകുവാൻ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഈ തുക അപര്യാപ്തമാണെന്ന് കണ്ടതിനാലും, ചെയർമാന്റെ പ്രത്യേക നിർദ്ദേശം പരിഗണിച്ചും മേൽ തുകയ്ക്ക് പുറമേ 5000/- രൂപ കൂടി വായ്പയായി കോവിഡ് 19 സ്ഥിരീകരിക്കുന്ന തൊഴിലാളികൾക്ക് അനുവദിക്കാവുന്നതാണ്. ഇങ്ങനെ അനുവദിക്കുന്ന തുക മുൻ സർക്കുലർ പ്രകാരമുള്ള തുക കൂടി ചേർത്ത് ആകെ വായ്പ 10000/- രൂപയിൽ അധികമാവാൻ പാടുള്ളതല്ല. കൂടാതെ ക്വാറന്റൈൻ ചെയ്യപ്പെട്ട തൊഴിലാളികൾക്ക് തൊഴിൽ നഷ്ടം കണക്കിലെടുത്ത് പരമാവധി 5000/- രൂപയും വായ്പയായി അനുവദിക്കാവുന്നതാണ്.

മേൽ പറഞ്ഞ തുകകൾ നൽകുമ്പോൾ താഴെ പറയുന്ന വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

1. കോവിഡ് -19 പോസറ്റീവ് ആയതിന്റേയും, ക്വാറന്റൈൻ ചെയ്യപ്പെട്ടതിന്റേയും ആരോഗ്യ വകുപ്പിൽ നിന്നുള്ള സർട്ടിഫിക്കറ്റ്/മറ്റ് അനുബന്ധ രേഖകൾ എന്നിവ ഉണ്ടാകേണ്ടതാണ്.
2. തൊഴിലാളികളുടെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ 12 മാസത്തെ ശരാശരി വേതനം എടുക്കുമ്പോൾ ഏതാണോ കുറവ് അതാണ് വായ്പയായി നൽകേണ്ടത്. ആയത് അതാത് ഓഫീസിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കേണ്ടതാണ്.
3. തൊഴിലാളികൾക്ക് നൽകിയിട്ടുള്ള ആകെ വായ്പ റ്റിബിപിഎഫ് തുകയുടെ 80% ന് പുറത്ത് പോകുവാനും പാടുള്ളതല്ല.

ടി വായ്പ തുകകൾ തിരിച്ചു പിടിക്കുന്നത് സംബന്ധിച്ച് ബോർഡിൽ നിന്നും വ്യക്തമായ നിർദ്ദേശം പിന്നീട് നൽകുന്നതായിരിക്കും.

(ഒപ്പ്)

ചീഫ് എക്സിക്യൂട്ടീവ് (I/C)

**സ്വീകർത്താവ്**

എല്ലാ ജില്ലാ കമ്മിറ്റി ചെയർമാൻമാരും/കൊച്ചിൻപോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റി ചെയർമാനും (എല്ലാ ഉപകാര്യാലയങ്ങളിലേയ്ക്കും സർക്കുലർ സഹിതം വിവരം അറിയിക്കുന്നതിനു വേണ്ട നടപടികൾ അതത് ജില്ലാ കമ്മിറ്റി ചെയർമാൻമാർ സ്വീകരിക്കേണ്ടതാണ്.)

**പകർപ്പ്**

ഫിനാൻസ് ഓഫീസർ/സെക്രട്ടറി, കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം

അക്കൗണ്ട്സ് ഓഫീസർ (ഡബ്ലിയു& ഇ, പി&എ, ഐഎ. സ്കാറ്റേർഡ്)

നിയർ സൂപ്രണ്ട്/ഹെഡ് ക്ലർക്ക് (എസ്റ്റാബ്ലിഷ്മെന്റ്, ഫിനാൻസ്, സ്കാറ്റേർഡ്, വെൽഫെയർ, ഓഡിറ്റ്, ക്യാഷ്) കരുതൽ ഫയൽ

**//ഉത്തരവിൻ പ്രകാരം//**

**ജൂനിയർ സൂപ്രണ്ട്**